## 9. 2005-ലെ കേന്ദ്ര ദുരന്തനിവാരണ ആക്ടിന് കീഴിൽ ചട്ടങ്ങളും പദ്ധതികളും രൂപീകരിക്കുന്നത് സംബന്ധിച്ച്

2017 മേയ് 25-ാം തീയതി നിയമനിർമ്മാണകാര്യത്തിനു മുൻപ്, ഭരണഘടനയുടെ 256-ാം അനുച്ഛേദപ്രകാരം പാർലമെന്റ് പാസ്സാക്കിയ നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് സംസ്ഥാന സർക്കാർ ചട്ടങ്ങളും പദ്ധതികളും രൂപീകരിക്കേണ്ടതുണ്ടെന്നും 2005-ലെ കേന്ദ്ര ദുരന്തനിവാരണ ആക്ടുമായി ബന്ധപ്പെട്ട് പ്രതിരോധ സംവിധാനങ്ങൾ സജ്ജമാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കേണ്ടതുണ്ടെന്നും ഇതുസംബന്ധിച്ച് സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചതല്ലാതെ വില്ലേജ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ദുരന്തനിവാരണ പദ്ധതികൾ തയ്യാറാക്കിയിട്ടില്ലെന്നും ദുരന്തനിവാരണ മേഖലകളിൽ സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനോ നടപ്പിലാക്കുന്നതിനോ കേന്ദ്ര സഹായം നേടിയെടുക്കുന്നതിനോ സാധിക്കാത്തതും സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് രൂപീകരിച്ചിട്ടില്ലാത്തതും ഗുരുതരമായ വീഴ്ചയാണെന്നും ഇതുസംബന്ധിച്ച് റൂളിംഗ് നൽകേണ്ടതാണെന്നും ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടു.

2005-ലെ കേന്ദ്ര ദുരന്തനിവാരണ നിയമമനുസരിച്ച് 2007-ൽ കേരള സംസ്ഥാനം ചട്ടം രൂപീകരിച്ചിട്ടുള്ളതാണെന്നും ഡിപ്പാർട്ടുമെന്റൽ പ്ലാൻ

തയ്യാറാക്കുന്നതിനാവശ്യമായ ഗൈഡ്‌ലൈൻ 2014-ൽ പുറപ്പെടുവിച്ചിട്ടുള്ളതും അതത് വകുപ്പുകൾ അവ തയ്യാറാക്കേണ്ടതുമാണെന്നും നഗര ദുരന്ത ലഘൂകരണ പദ്ധതി പ്രകാരം 14 ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾക്കും തുക അനുവദിച്ചിട്ടുണ്ടെന്നും ദുരന്ത സാദ്ധ്യത കൂടുതലുള്ള വില്ലേജുകളിലും തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് നഗരസഭകളിലെ വിവിധ വാർഡുകളിലും മൺറോതുരുത്ത്, പെരിങ്ങര പഞ്ചായത്തുകളിലും ദുരന്ത ലഘൂകരണ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെന്നും കേന്ദ്ര ദുരന്ത നിവാരണ നിയമമനുസരിച്ച് ഡിപ്പാർട്ടുമെന്റൽ പ്ലാൻ നടപ്പാക്കാനുള്ള തുക കണ്ടെത്തേണ്ടത് അതാത് വകുപ്പുകളാണെന്നും  കേന്ദ്ര ദുരന്ത പ്രതിരോധനിധി, നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ട് എന്നിവ കേന്ദ്ര സർക്കാർ രൂപീകരിച്ചിട്ടില്ലെന്നും സംസ്ഥാന അതോറിറ്റി വിവിധ പദ്ധതികൾ തയ്യാറാക്കി കേന്ദ്രത്തിൽ നിന്ന് ധനസഹായം കൈപ്പറ്റിയിട്ടുണ്ടെന്നും റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി വിശദീകരണം നൽകി.

ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി *

"പാർലമെന്റ് പാസ്സാക്കിയ ദി ഡിസാസ്റ്റർ മാനേജ്മെന്റ്  ആക്ട്, 2005 പ്രകാരം സംസ്ഥാന സർക്കാർ പദ്ധതികളും ചട്ടങ്ങളും രൂപീകരിക്കാത്തതുമൂലം ഉളവായിട്ടുള്ള പ്രശ്നങ്ങളാണ് ക്രമപ്രശ്നമായി  ഉന്നയിച്ചിട്ടുള്ളത്. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി  നൽകിയ വിശദീകരണത്തിൽ  2005-ലെ

---

* XIV KLA V Session Vol.No.166 dated 25.05.2017.

ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് പ്രകാരം സംസ്ഥാന സർക്കാർ രൂപീകരിക്കേണ്ട ചട്ടം 2007-ൽത്തന്നെ രൂപീകരിക്കുകയും സഭയുടെ മേശപ്പുറത്തുവയ്ക്കുകയും ചെയ്തതായി പറഞ്ഞിട്ടുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ഇനിയും കൂടുതൽ ചട്ടങ്ങൾ അനിവാര്യമായിട്ടുണ്ടെങ്കിൽ ആയത് സമയബന്ധിതമായി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്."